PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session (Second Meeting)—1970

Tuesday, the 10th March, 1970.

Vol. XXVI] OFFICIAL REPORT [No. 21

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 10th March, 1970, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the session).

ORAL ANSWERS

പോലീസ് സ്റ്റേഷനുകളിലെ ലാസ്റ്റു ഗ്രേഡു വിഭാഗം

* 154 (a) (562) [ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സ്റ്റേഷനുകളിൽ ലാസ്റ്റുഗ്രേഡു വിഭാഗം പാർട്ടിടെ ജീവനക്കാരെക്കൊണ്ട് ഫുൾടൈം ജീവനക്കാർക്ക് തുല്യമായി ജോലിചെയ്യിപ്പിക്കുകയും പാർട്ടിടൈം ജീവനക്കാരെന്ന പേരിൽ തുച്ഛമായ ശമ്പളം നൽകുകയും ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം സിറ്റിയിൽ മെഡിക്കൽകോളേജു പോലീസ് സ്റ്റേഷനിലും പൂന്തുറ പോലീസു സ്റ്റേഷനിലും ഉള്ള പാർട്ടു ടൈം ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം എന്താണെന്നും ഇവർ എന്നുമുതൽ സർവ്വീസിൽ പ്രവേശിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം ജീവനക്കാരുടെ ശമ്പളം ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടു എത്ര പരാതികൾ ഗവൺമെന്റിനു ലഭിച്ചു;

(ഡി) അവയിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) ഈ ജീവനക്കാരുടെ കാര്യം ശമ്പളപരിഷ്ക്കാര കമ്മീഷനുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ ഓരോ കമ്മിഷന്റെയും അഭിപ്രായം എന്തായിരുന്നു;

(ജി) പാർട്ടുടെ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുകയും മൂന്നു കൊല്ലത്തിനുമേൽ സർവ്വീസുള്ളവരെയെങ്കിലും ഫുൾടൈം ജീവനക്കാരായി ഉയർത്തുകയും ചെയ്തു പ്രസ്തുത വിഭാഗത്തോടു നീതി പാലിക്കുമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ), (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) അനവധി പരാതികളും ലഭിച്ചിട്ടുണ്ട്.

(ഡി) ഈ പ്രശ്നം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഇ), (എഫ്) പാർട്ടു ടൈം ആയി നിയമിക്കപ്പെട്ടവരുടെ കാര്യം പേക്കമ്മിഷനുകളും പരിഗണിക്കുകയുണ്ടായി. എന്നാൽ ഇവർ പാർട്ട് ടൈം ജീവനക്കാർ എന്ന വിഭാഗത്തിൽപ്പെട്ടവരാണോ എന്നു പരിശോധിച്ചുവരുന്നു.

(ജി) ഈ പ്രശ്നം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: പാർട്ട് ടൈം ജോലിക്കു നിയമിക്കുന്ന പോലീസു സ്റ്റേഷനിലെ ജീവനക്കാർക്കു വെറും ഏഴു രൂപ മാത്രമാണ് ശമ്പളം കൊടുക്കുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ അടിയന്തിരമായും ഇതിനു പരിഹാരം കണ്ടുകൊണ്ട് അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പാർട്ട് ടൈം കണ്ടിജന്റ്സി പോസ്റ്റിൽ നിശ്ചയിച്ച ജീവനക്കാരുടെ ശമ്പളം ഇവർ ഏന്നുള്ളതാണ് ഗവൺമെന്റിനു കിട്ടിയിട്ടില്ലാത്തത്. ഓഫീസുകളിലുള്ള ചെലവിൽനിന്നും സ്വീപ്പിംഗ് നടത്താനുള്ള ഏർപ്പാടുകളും ചില സ്ഥലങ്ങളിൽ ചെയ്തിട്ടുണ്ട്. ഇത് അങ്ങനെയുള്ളതാണോ അതോ അനുവദിക്കപ്പെട്ട പോസ്റ്റിൽ ഉള്ളതാണോ എന്നുള്ളതിനെസംബന്ധിച്ച് വിശദമായ വിവരം ഇല്ല. അനുവദിക്കപ്പെട്ട പാർട്ട് ടൈം സ്റ്റാഫാണെങ്കിൽ അവരുടെ കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഏതായാലും വെറും ഏഴു രൂപ മാത്രം കൊടുക്കുന്നത് തീർച്ചയായും ഇന്നത്തെ വിഷമം പിടിച്ച കാലഘട്ടത്തിൽ പ്രയാസകരമാണെന്നുള്ളതുകൊണ്ട് ഏതെങ്കിലും തരത്തിൽ അത് വർദ്ധിപ്പിച്ചുകൊടുക്കാൻ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇതു ഏതിനത്തിലുള്ളതാണെന്നു അറിഞ്ഞതിനുശേഷമേ ഇതിനെപ്പറ്റി എന്തെങ്കിലും പറയാൻ കഴിയൂ.

ശ്രീ. എം. കൃഷ്ണൻ: മലബാർ പ്രദേശത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്വീപ്പർമാർക്ക് ഏഴു രൂപമാത്രമാണ് കിട്ടുന്നത്. അത് വർദ്ധിപ്പിക്കുന്നതിനും ഒരു ഏകീകരണം ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവർക്കു ശമ്പളമായിട്ടു കൊടുക്കുന്നതല്ല. പോലീസ് സ്റ്റേഷനിലെ സ്വീപ്പിംഗ് നടത്താൻ വേണ്ടി പണം അനുവദിച്ചിട്ടുണ്ട്. അതിൽനിന്നും കൊടുത്തു ചെയ്യിക്കുകയാണ്. അതു

LIBRARY ARCHIVES Kerala Legislative Assembly

മാറ്റി എല്ലാ സ്ഥലത്തും സാധാരണ ജീവനക്കാരെ വയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ളതെങ്കിൽ അതിനെപ്പറ്റി ആലോചിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. സി. വാമദേവൻ: സർക്കാർ ഓഫീസുകളിൽ തൂക്കുന്നതിനായി പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരെ നിയമിച്ച സന്ദർഭത്തിൽ പോലീസ് സ്റ്റേഷനുകളിൽമാത്രം വേണ്ടെന്നു തീരുമാനിക്കാനുള്ള കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ തീരുമാനിച്ചതല്ല. നേരത്തേതന്നെ ഉള്ള ഒരു സംപ്രദായം അനുസരിച്ച് അതു തുടർന്നുകൊണ്ടു പോരുകയായിരുന്നു. പേക്കമ്മിഷനുകളും കണ്ടിജന്റ് ജീവനക്കാരുടെ കാര്യം മാത്രമേ പരിഗണിച്ചിട്ടുള്ളു. ഇതിൽ എന്തെങ്കിലും അനോമലി ഉണ്ടെങ്കിൽ അത് പരിഗണിക്കുന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാർട്ട്ടൈം ജീവനക്കാരുടെ അസോസിയേഷൻ അവരെ ഫുൾടൈം ആക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത് ഗവൺമെന്റ് പരിഗണിച്ചോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഈ പ്രത്യേക പ്രശ്നവുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. എ. വി. ആര്യൻ: പോലീസ് സ്റ്റേഷനുകളിലും ക്യാമ്പുകളിലുമുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ പോലീസിന്റെ എല്ലാ അച്ചടക്കത്തിനും വിധേയരാകുകയും അതേസമയം പോലീസിന്റെ ആനുകൂല്യങ്ങളും കിട്ടുന്നുമില്ല എന്നുള്ള പരാതി കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവർ എന്തു അച്ചടക്കത്തിനാണ് വിധേയരായതെന്നറിയുകയില്ല. സ്വീപ്പേഴ്സിനെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ അച്ചടക്കത്തിനു വിധേയരാകുന്നുണ്ടോ എന്നറിയില്ല. എന്നാൽ അതുകൊണ്ടുമാത്രം പോലീസിന്റെ ആനുകൂല്യങ്ങളും തുല്യമായി കൊടുക്കാൻ കഴിയുകയില്ല. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ നോക്കാം.

ശ്രീ. എ. വി. ആര്യൻ: സ്വീപ്പർമാർ മാത്രമല്ല അവരുടെയിടയിലുള്ള ചെരുപ്പുകുത്തികളും, വെള്ളം കൊണ്ടുവരുന്നവർ ഇവരെല്ലാം പോലീസ് ക്യാമ്പുകളിൽ പോകുമ്പോൾ ഒന്നിച്ചു പോകുകയും എല്ലാ അച്ചടക്കങ്ങൾക്കും വിധേയരാകുകയും അതേസമയം ഡ്രസ് തുടങ്ങിയ മറ്റു പലയാനുകൂല്യങ്ങളും കൊടുക്കുന്നില്ലെന്നും പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതു ശരിയാണെങ്കിൽ പോരായ്മകളെസംബന്ധിച്ച് അന്വേഷിക്കാം.

ശ്രീ. വി. വി. കുഞ്ഞമ്പു: പോലീസ് സ്റ്റേഷനിൽ വേണ്ടത്ര പോലീസുകാർ ഇല്ലാത്ത അവസരത്തിൽ പോലീസുകാർ ചെയ്യേണ്ട ജോല് ചെയ്യാൻവേണ്ടി ഇവരെ നിയോഗിക്കാറുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ നിയോഗിക്കാൻ പാടില്ലെന്നാണ് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly